# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 09/2025
# 11.10.2025 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. സംസ്ഥാന പ്രവർത്തക ക്യാമ്പ്
6. ഐഫെക്ടോ / സംസ്ഥാന പ്രക്ഷോഭങ്ങൾ
7. മെമ്പർഷിപ്പ് / യൂണിറ്റ് വിസിറ്റ്
8. സർക്കാരിന്റെ വിഷൻ 2031 പദ്ധതി
9. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., സന്തോഷ് ടി. വർഗീസ്, ഡോ. റിജുലാൽ ജി., ഡോ. സുമി ജോയി ഓലിയപ്പുറം, സോബിൻ വർഗ്ഗീസ് എം. വി., ഡോ. എസ്. സഞ്ജയ്, ഡോ. രജിത സി. ആർ., ഡോ. ഗായത്രിദേവി ജി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ശരത്ത് എസ്., ഡോ. വിനീത പി., ഡോ. ജയരാജ് ജെ., ഡോ. അജി പി.എൽ., ഡോ. വിഷ്ണു വി.എസ്., ഡോ. ദിനേശ് പി.കെ., ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. റഹിം കെ, ഡോ. ഡോ. ബി. അശോക്, ഡോ.സുശാന്ത് പി., സജിത്ത് കുമാർ പി., ഡോ.സുകുമാരൻ എം., ഡോ. എം. എ. അസ്കർ, ഡോ.സി.വി.ഷാജി ഡോ. ചന്ദ്രമോഹൻ കെ.ടി., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., ഡോ. സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഹരിദാസൻ വി., ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. വിനീഷ് കെ.എ, ഡോ.റോസ്നിക്സ് പി. കെ.

രാവിലെ 10 മണിക്ക് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ. വി. അനുശോചന പ്രമേയം അവതരിപ്പിച്ചു

**അനുശോചനം**

എ.കെ.ജി.സി.ടി. കോഴിക്കോട് മുൻ ജില്ലാ പ്രസിഡന്റും കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് കൊമേഴ്സ് വിഭാഗം മേധാവിയുമായിരുന്ന പ്രൊഫ. ടി. സുരേഷ് മാഷ്, പ്രസിദ്ധ കവിയും വിവിധ സർക്കാർ കോളേജുകളിലെ മുൻ അധ്യാപകനുമായിരുന്ന ഡോ. ചായം ധർമ്മരാജൻ, തമിഴ്നാട് കരൂരിൽ ടി. വി. കെ. റാലി യിൽ ഉണ്ടായ തിക്കിലും തിരക്കിലും മരണപെട്ടവർ, കേരളത്തിന്റെ ആദ്യ

മുഖ്യമന്ത്രി ഇ.എം.സിന്റെ മകൾ ഡോ. മാലതി, ഗാസയിൽ ഇസ്രയേൽ നടത്തുന്ന മനുഷ്യത്വ രഹിതമായ ആക്രമണത്തിൽ മരണപ്പെട്ടവർ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ,

പ്രിൻസിപ്പൽ നിയമനത്തിന്റെ സെലക്ഷൻ കമ്മറ്റി കഴിഞ്ഞു. ഡി.പി.സി ചേരേണ്ടതുണ്ട്. കോടതിയിൽ കേസ് വന്നിട്ടുണ്ടെങ്കിലും സ്റ്റേ ആയിട്ടില്ല. എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രിൻസിപ്പൽ നിയമനം നടക്കുമെന്ന് കരുതുന്നു.ജൂലൈയിൽ ലഭിച്ച പ്ലെയ്സ്മെന്റ് അപേക്ഷകളിൽ മേലുള്ള നടപടികൾ നടന്നുവരുന്നു.

എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കുന്ന വിഷയത്തിൽ അനുകൂല തീരുമാനം ഉണ്ടായിട്ടുണ്ട്, ഇത് സംബന്ധിച്ച ഉത്തരവ് ഇറങ്ങി. 2018 റഗുലേഷനിലും ഇതു സംബന്ധിച്ച് ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവാകുന്നതാണ്. ഇതോടൊപ്പം അറബിക് അധ്യാപകരുടെ പ്രശ്നവും പരിഹരിക്കണം.

സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതി കാര്യക്ഷമമായി റിപ്പോർട്ട് സമർപ്പിക്കുകയും, അതിൽ തീരുമാനം എടുപ്പിക്കുകയും വേണം. ഇതിനാവശ്യമായ ഇടപെടൽ സംഘടന നടത്തും.

പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് നൽകേണ്ടതില്ല എന്ന നിലപാടാണ് യു.ജി.സി എടുത്തിരിക്കുന്നത്. 2016 ജനുവരി 1ന് ശേഷം ഇത്തരത്തിൽ ഇൻക്രിമെന്റ് ലഭിച്ചവർക്കുള്ള തുക അവരുടെ പേറിവിഷൻ അരിയറിൽ നിന്നും തിരിച്ചുപിടിക്കുവാനാണ് തീരുമാനം. സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള കേസിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും തുടർ നടപടികൾ. പുതുതായി

ഡി.എ അനുവദിക്കുമ്പോൾ സർവ്വകലാശാല/ കോളേജ് അധ്യാപകർക്കും ലഭിക്കണമെന്നാവശ്യപ്പെട്ട് സംഘടന ധനവകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുന്ന കാര്യത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. പുതുക്കിയ വർക്ക് ലോഡ് ഉത്തരവ് സംബസിച്ച ഫയലിൽ ഇതുവരെ തീരുമാനമായിട്ടില്ല. പൊതു സ്ഥലം മാറ്റത്തിന്റെ കരട് വീണ്ടും സംഘടനയുമായി ചർച്ച ചെയ്ത ശേഷം അന്തിമരൂപം നൽകി ഉത്തരവ് ഇറക്കുന്നതാണ്. കണ്ണൂർ സർവകലാശാല ഗവേഷണ വിഷയത്തിൽ സംഘടന വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്. സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ സംഘാടക സമിതി രൂപീകരണ യോഗം നടന്നു, ഇതിൽ സംസ്ഥാന സെക്രട്ടറി രഘുദാസ്.പി.വി പങ്കെടുത്തു. ക്യാമ്പിന്റെ കാര്യപരിപാടിക്ക് ഇന്ന് അന്തിമരൂപം നൽകണം.

ഐഫെക്ടോ, കേന്ദ്ര സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ പാർലമെന്റ് മാർച്ച് ഉൾപ്പെടെയുള്ള സമരപരിപാടികൾ തീരുമാനിച്ചിട്ടുണ്ട്. എഫ്.എസ്.ഇ.ടി.ഒ പ്രക്ഷോഭം ഒക്ടോബർ 17 ന് നടക്കും. എഫ്.എസ്.ഇ.ടി.ഒ മേഖലാ ജാഥകൾ ആരംഭിക്കുകയാണ് 3 ജില്ലകളുടെ ചുമതല എ.കെ.ജി.സി.ടി.ക്കാണ്. മെമ്പർഷിപ്പ്, ബിൽഡിംഗ്/പ്രക്ഷോഭ ഫണ്ട് എന്നിവ പൂർത്തീകരിക്കണം. യൂണിറ്റ്

സന്ദർശനം പ്രവർത്തക ക്യാമ്പിന് മുമ്പായി പൂർത്തീകരിക്കണം. മാനന്തവാടി റൂസ മോഡൽ ഡിഗ്രി കോളേജ്, പറവൂർ കേസരി കോളേജ് എന്നിവിടങ്ങളിലെ ഡി.ഡി.ഒ പദവി സംബന്ധിച്ച ഉത്തരവ് ഉടനെ ആവുന്നതാണ്.വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ കാര്യത്തിൽ രണ്ട് ജില്ലയുടെ ചുമതലയാണ് നമ്മൾക്ക്, രണ്ട് ജില്ലയിലും സമിതി രൂപീകരണം കഴിഞ്ഞു. നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. വിഷൻ 2031മായി ബന്ധപ്പെട്ട് ധനവകുപ്പിന്റെ പരിപാടി ഒക്ടോബർ 13ന് എറണാകുളത്ത് നടക്കും. ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ പ്രോഗ്രാം 18ന് കോട്ടയത്താണ് നടക്കുക. ഇതിനായി ഒരു കമ്മറ്റി രൂപീകരിച്ച് സംഘടനയുടെ പങ്കാളിത്തം ഉറപ്പാക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം/ യൂണിറ്റ് സന്ദർശനം എന്നിവ എത്രയും വേഗം പൂർത്തീകരിക്കണം.
2. പാലക്കാട് ധോണിയിൽ വെച്ച് നടക്കുന്ന ഈ വർഷത്തെ സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ കാര്യപരിപാടിക്ക് സംസ്ഥാന സമിതി അംഗീകാരം നൽകി.
3. യു.ജി.സി ആനുകൂല്യം, പ്ലേയ്സ്മെൻറുകൾ എന്നിവ സംബന്ധിച്ച് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ സാഹചര്യം താരതമ്യപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തി.
4. ദേശീയ വിദ്യാഭ്യാസ നയം പിൻവലിക്കുക, ഏഴാം ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള കേന്ദ്ര വിഹിതം അനുവദിക്കുക, സംസ്ഥാനത്തെ ഫെഡറൽ സംവിധാനം തകർക്കാനുള്ള കേന്ദ്ര നീക്കം അവസാനിപ്പിക്കുക, മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുക, 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുക ഡി.എ കുടിശ്ശിക അനുവദിക്കുക, സംഗീത കോളേജ് അധ്യാപകർക്ക് യുജിസി അനുവദിക്കുക, അവരുടെ സർവീസ് പ്രശ്നം പരിഹരിക്കുക, പരിഷ്കരിച്ച സ്ഥലംമാറ്റ ദണ്ഡം പുറത്തിറക്കുക തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് ഒക്ടോബർ 31ന് സെക്രട്ടറിയേറ്റ് മാർച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
5. ഒക്ടോബർ 18ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കോട്ടയത്ത് വെച്ച് സംഘടിപ്പിക്കുന്ന വിഷൻ-2031ൽ, സംഘടനയുടെ വിഷൻ ഡോക്യുമെന്റ് അവതരിപ്പിക്കുന്നതിനായി എം. ജി. സർവ്വകലാശാല മേഖല സെക്രട്ടറി ഡോ. എം. എസ്. മുരളി കോ-ഓർഡിനേറ്ററായും, എ.സി.എസ്.ആർ ഡയറക്ടർ ഡോ. ദിനേശൻ പി. കെ കൺവീനറായും ഒരു കമ്മറ്റി രൂപീകരിച്ചു.
6. എ.സി.എസ്.ആറിന്റെ നേതൃത്വത്തിൽ നാലു വർഷ ഡിഗ്രി കോഴ്സ് സംബന്ധിച്ച് ഹയർ സെക്കൻഡറി തലത്തിലും, സർവ്വകലാശാല തലത്തിലും പഠനം നടത്താൻ തീരുമാനിച്ചു.

7. ഒക്ടോബർ 28ന് അക്കാദമിക് കമ്മറ്റിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടത്തുവാൻ തീരുമാനിച്ചു. ഉദ്ഘാടനം മുൻ വിദ്യാഭ്യാസമന്ത്രി പ്രൊഫ. കെ. എൻ. രവീന്ദ്രനാഥ് നിർവ്വഹിക്കും.
8. സംഘശബ്ദം നൊബേൽ പതിപ്പ് ഡിസംബർ മാസം പ്രസിദ്ധീകരിക്കും.
9. സംഗീത കോളേജ് അധ്യാപകർക്ക്, യു.ജി.സി നൽകുക, മറ്റ് സർവീസ് വിഷയങ്ങൾ പരിഹരിക്കുക എന്നിവയിൽ വേണ്ട ഇടപെടൽ നടത്തും.
10. സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 2020 വരെ അനുവദിച്ച കോഴ്സുകൾക്ക് തസ്തിക അനുവദിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
11. ഓപ്ഷൻ-ബി യുടെ കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ ഐഫെക്ടോ-യുമായി ചേർന്ന് ആവശ്യമായ ഇടപെടൽ നടത്തും.
12. കെ. റീപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവർത്തനം സുഗമമാക്കാൻ ഇടപെടും.
13. സ്ഥലംമാറ്റ മാനദണ്ഡം പരിഷ്കരിച്ച് എത്രയും വേഗം ഉത്തരവ് ഇറക്കാനും, അടുത്ത വർഷത്തെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി നടത്താനും അവശ്യമായ ഇടപെടൽ നടത്തും.
14. പോളിടെക്നിക്കുകളിൽ സിലബസ് തയ്യാറാക്കുമ്പോൾ സർക്കാർ കോളേജ് അധ്യാപകർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.
15. സർക്കാർ കോളേജുകളിലെ ലാബ് അറ്റൻഡർമാർക്ക് ആവശ്യമായ പരിശീലനം നൽകാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടും.
16. കണ്ണൂർ സർവ്വകലാശാല ഗവേഷണ വിഷയത്തിൽ ആവശ്യമായ ഇടപെടൽ തുടർന്നും നടത്തും.
17. മെഡിസെപ്പ് കൂടുതൽ ആകർഷകമാക്കാൻ സർക്കാരിനോട് ആവശ്യപ്പെടും.
18. കോളേജുകൾക്ക് സെമിനാർ/ വർക്ക്ഷോപ്പ് ഫണ്ട് അനുവദിക്കാൻ ആവശ്യമായ ഇടപെടൽ നടത്തും.
19. നിലമ്പൂർ ഗവ കോളേജ്, പൈനാവ് എഞ്ചിനീയറിംഗ് കോളേജ് എന്നിവയ്ക്ക് പൊതു സ്ഥലം മാറ്റത്തിൽ 1.5 വെയിറ്റേജ് ലഭിക്കാൻ ഇടപെടും.
20. കോളേജ് അധ്യാപകർക്ക് ഇലക്ഷൻ ഡ്യൂട്ടി നൽകുമ്പോൾ കൃത്യമായ സർവ്വീസ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന് ഇലക്ഷൻ കമ്മീഷനോട് ആവശ്യപ്പെടും.

യോഗം വൈകിട്ട് 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
11-10-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി